സർ, ഞാനിവിടെ പറഞ്ഞ കണക്ക് ആയിരത്തിൽ ചിലപ്പോൾ റവന്യൂ റെക്കവറി നടപടികളും നടന്നുകൊണ്ടിരിക്കുന്നു. പിന്നെ ഒരു കാര്യമുള്ളത് ഇവിടെ ഒരു യൂണിയനും സഹകരിക്കുന്നില്ല എന്നതാണ്. ഒരാൾ ഇവിടെ വന്ന് ഞാൻ ഇന്ന മോട്ടോർ ട്രാൻസ്പോർട്ടിലെ തൊഴിലാളിയാണ് അവർ എന്റെ പേര് കൊള്ളിച്ചിട്ടില്ല, എന്നെ മെമ്പറാക്കണമെന്ന് അപേക്ഷ കൊടുക്കാൻ അവർക്ക് അവകാശമുണ്ട്. അങ്ങനെ ആരും തരുന്നില്ല. പിന്നെ ഉദ്യോഗസ്ഥൻമാർ, ആർ. ടി. ഓഫീസിൽ പോയി കളക്ട് ചെയ്യുകയാണ്. ആർ. ടി. ഓഫീസിൽനിന്നും കളക്ട് ചെയ്ത എല്ലാത്തിനും ഞങ്ങൾ നോട്ടീസ് അയച്ചിട്ടുണ്ട്. ഒരോരുത്തരെയായി കണ്ടുപിടിച്ച് റവന്യൂ റക്കവറിക്ക് പ്രോസിക്യൂഷൻ നടപടി എടുക്കുകയെന്ന ശ്രമകരമായ കാര്യം ഓരോ ഓഫീസിലും ഒന്നും രണ്ടും മാത്രമുള്ള സ്റ്റാഫ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരം ആരോപണങ്ങൾ കേൾക്കാൻ ഗവൺമെന്റിന് മനസ്സില്ലാത്തതുകൊണ്ട് ഞങ്ങൾ നിയമനം നടത്തുന്നില്ല എന്ന് ആരോപണങ്ങളുണ്ട്. എന്തെല്ലാം പരിശ്രമങ്ങളുണ്ടെങ്കിലും ഇത് എത്രയുംവേഗം നടപ്പാക്കും, പിന്നെ ഒരു അഭ്യർത്ഥനകൂടിയുണ്ട്. മി. രേതൻ താങ്കൾ പ്രതിനിധാനം ചെയ്യുന്ന യൂണിയനെയും ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിനേയും നല്ലനിലയിൽ നടത്തണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഞങ്ങളെ ഇതിൽ ചേർത്തിട്ടില്ലായെന്നു പറഞ്ഞുകൊണ്ട് ഒരു ചെറിയ കടലാസ്സിൽ ഒരു പെറ്റീഷനുമായി ഈ ഓഫീസിനെ സമീപിക്കുക. സെക്ഷൻ 34 അനുസരിച്ച് രജിസ്ട്രേഷനും നിങ്ങൾക്ക് അവകാശമുണ്ട്. അങ്ങനെ നിങ്ങൾ വന്നാൽ പിന്നെ പരാതിപ്പെടാം. എത്രയുംവേഗം ഈ പെറ്റീഷൻസ് ഡിസ്പോസ് ചെയ്ത് നടപടിയെടുത്ത് മുഴുവൻ ആളുകളെയും തിരിച്ചെടുക്കും. അതിൽ തൊഴിലാളികളുടെ സമീപനമാണാവശ്യം. ദയവായി വിമർശിക്കുന്നതിനുപകരം ശബ്ദായമാനമായി പ്രതികരിക്കുന്നതിനു പകരം സഹകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ഒ. രേതൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ഒരു ഉറപ്പ് ലഭിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ സംസ്ഥാനത്തുള്ള ക്ഷേമനിധി സ്കീമുകൾ എന്നെയുമുൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ആവശ്യമായ വസ്തുതകളുംസഹിതം അപേക്ഷ അയയ്ക്കുന്ന എല്ലാ മെമ്പർമാരെയും ഈ സ്കീമിലുൾപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള നടപടി ഒരു മാസക്കാലത്തിനകം ഏർപ്പാട് ചെയ്യുമെന്ന് ഈ മന്ത്രിക്ക് ഉറപ്പു നൽകാൻ സാധിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : സർ, പത്തോ ഇരുപതോ സ്റ്റാഫിനെക്കൊണ്ട് ആവശ്യമായ രീതിയിൽ, അതായത് മനുഷ്യസാദ്ധ്യമായ വേഗതയോടുകൂടി ഞങ്ങൾക്ക് അവയിലബിളായിട്ടുള്ള സാഹചര്യങ്ങൾകൊണ്ട് ചെയ്യാം. അതിൽ എന്തെങ്കിലും വീഴ്ചയുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം. പിന്നെ ഇതൊരു സാങ്കല്പിക ചോദ്യമാണ്. ഇത്രയും കാലംവരെ ഇത് ചെയ്യാതിരുന്ന ആളുകൾ ചെയ്യട്ടെ അപ്പോൾ ഞങ്ങൾ വേണ്ടത് ചെയ്യാം.

IV സബ്മിഷൻ

(1) കുണ്ടറ സിറാമിക്സിൽ ലേ ഓഫ് പ്രഖ്യാപിച്ചതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. തോപ്പിൽ രവി : സർ, കേരളത്തിലെ വളരെ പഴക്കംചെന്ന ഒരു പൊതുമേഖലാ സ്ഥാപനമായ കുണ്ടറയിലെ കേരളാ സിറാമിക് സ്ഥാപനം ഇക്കഴിഞ്ഞ ജൂലൈമാസം 14-ാം തീയതി പവർക്കട്ടിനെത്തുടർന്ന് ലേ ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചതിനുശേഷം ഇതുവരെ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കാത്തവിധം വലിയൊരു സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടിരിക്കുകയാണ്. അറുന്നൂറോളം തൊഴിലാളികളും പണിയെടുക്കുന്നതും നാല്പതോളം ഓഫീസർമാർ ഉള്ളതുമായ ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കണം. അവിടെ ലേ ഓഫ് ആനുകൂല്യങ്ങളെങ്കിലും തൊഴിലാളികൾക്ക് കൊടുക്കാൻ സാധിക്കുന്നില്ല. പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനുപോലും സാധിക്കുന്നില്ല. അങ്ങനെ നിവർന്ന് നിൽക്കാൻ പോലും സാധിക്കാത്തവിധത്തിൽ കനത്ത ഒരു സാമ്പത്തിക ചുഴിയിലകപ്പെട്ടിരിക്കുന്ന ഈ സ്ഥാപനത്തെ കരകയറ്റാനും, അവിടെയുള്ള തൊഴിലാളികളെ രക്ഷിക്കാനും ഗവൺമെന്റ് അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, കുണ്ടറയിലെ കേരളാ സിറാമിക് സ്ഥാപനം ലേ ഓഫിലാണ്. അതിലെ തൊഴിലാളികൾക്ക് ലേ ഓഫ് വേജസും ബോണസും മറ്റും കൊടുക്കാനായി മൂന്നരക്കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. പക്ഷെ അതിന്റെ പുനരുദ്ധാരണത്തിനായി കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഹോൾഡിംഗ് കമ്പനി ഒരു റീഹൈബിലിറ്റേഷൻ സ്കീം നൽകി. അതു പരിശോധിച്ചപ്പോൾ ആ പദ്ധതിയുമായി മുന്നോട്ടുപോയാൽ ഇന്നത്തെ നിലയിൽ ഈ സ്ഥാപനത്തെ നിലനിറുത്താൻ പ്രയാസമാണെന്ന് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും മറ്റും പറഞ്ഞതിന്റെ വെളിച്ചത്തിൽ ഇക്കഴിഞ്ഞ 1-10-1986-ന് വ്യവസായവകുപ്പ് കമ്മീഷണർ ബന്ധപ്പെട്ട മേധാവികളുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇതേപ്പറ്റി ചർച്ച ചെയ്തു. ഇത് ഗവൺമെന്റിന്റെ മുൻപിലുള്ള ആ പദ്ധതി ഒന്നുകൂടി റിവൈസ് ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. അത് കിട്ടിക്കഴിഞ്ഞാലുടൻ തന്നെ സാമ്പത്തികസ്ഥാപനങ്ങളുമായി ആലോചിച്ച് അതിനെ പുനരുദ്ധരിപ്പിക്കാനും ലാഭകരമായി പ്രവർത്തിപ്പിക്കാനുമാവശ്യമായ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നു.

(2) കിളിമാനൂർ, ചിറയിൻകീഴ് എന്നീ ബ്ലോക്കുകളിലെ സാമൂഹ്യവികസന പദ്ധതികളുടെ സ്തംഭനാവസ്ഥ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, കിളിമാനൂർ സാമൂഹ്യ വികസന ബ്ലോക്കിൽ എൻ. ആർ. ഇ. പി. യിലും, ആർ. എൽ. ഇ. ജി. പി. യിലും എടുത്ത് അനുവാദം നൽകിയ 15 റോഡുകളുടെ നിർമ്മാണം 1980-81-ൽ ആരംഭിച്ചുവെങ്കിലും ഒന്നിന്റെ പണിപോലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഒരു റോഡിന് 8 മീറ്റർ വീതി വേണമെന്ന് നിർബന്ധമുള്ളതാണ് ഈ റോഡുകളുടെ പണി തുടർന്ന് നടത്താൻ കഴിയാതെ വരുന്നത്. പദ്ധതികളും നടപ്പിലാക്കുമ്പോൾ പ്രായോഗികമായി അത് നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള യാതൊരു പ്രശ്നം സംബന്ധിച്ചും സർക്കാർ ചിന്തിക്കാറില്ല. സമയമില്ലാത്തതുകൊണ്ട് ആ റോഡുകളുടെ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. വീടുകളുടെ സ്ഥിതിയുമിതാണ്. എൻ. ആർ. ഇ. പി. യിലും ആർ. എൽ. ഇ. ജി. പി. യിലും തുടങ്ങിയിട്ടുള്ള വീടുകൾക്ക് ഈ ഗവൺമെന്റ് സ്പെസിഫിക്കേഷൻ അനുസരിച്ച് ഒരു വീടും പണിയാൻ സാദ്ധ്യമല്ല. ആറായിരം രൂപയ്ക്കകത്ത് ഈ വീടുകളും പണിയാൻ നിർവ്വാഹമില്ല. അതുകൊണ്ട് ഈ വീടുകളുടെ പണിയും സ്തംഭനാവസ്ഥയിലാണ്. അതുപോലെ ഐ. ആർ. ഡി. പി. ലോൺ കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly